(ജി) ഫാക്ടറീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തുകയും സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനങ്ങൾ കണ്ടാൽ പരിശോധന ഉത്തരവുകൾ നൽകുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

തൊഴിലാളികളുടെ ക്ഷാമബത്ത

250 (958) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിലെ അടിസ്ഥാന സൂചികയിലെ അപാകത പരിഹരിക്കുന്നതിന് മുൻ എൽ.ഡി.എഫ്. സർക്കാർ രൂപീകരിച്ച ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും വിദഗ്ധരുടെയും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറി, പാൽ തുടങ്ങിയവയുടെയും യഥാർത്ഥ വിലനിലവാരം ക്ഷാമബത്ത കണക്കാക്കുമ്പോൾ പരിഗണിച്ച് നിലവിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഉപഭോക്തൃ വിലസൂചിക പുതുക്കി നിർണ്ണയിക്കുന്നതിന്റെ ഭാഗമായുള്ള കുടുംബ ബഡ്ജറ്റ് സർവ്വേ സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും സർവ്വേ റിപ്പോർട്ട് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ചെയർമാനായുള്ള 21 അംഗ ' കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി, 2010', ചർച്ച ചെയ്ത് അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും 31-8-2013-ലെ സ.ഉ (എം.എസ്).നമ്പർ 103/2013/തൊഴിൽ പ്രകാരം റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇത് പ്രകാരം 2011-12 അടിസ്ഥാന വർഷമായി സ്വീകരിച്ച് പുതുക്കിയ ഉപഭോക്തൃ വിലസൂചിക നിർണ്ണയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 684 പേജുകളുള്ള ടി റിപ്പോർട്ടിന്റെ പകർപ്പ് പ്രിന്റ് ചെയ്യ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

(സി) കാർഷിക വ്യവസായിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ തെരഞ്ഞെടുത്ത് അവരുടെ വീടുകളിൽ ഒരു വർഷം (2011-12) നീണ്ടുനിന്ന കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി അവർ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും കണ്ടെത്തി ഐറ്റം ബാസ്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, പാൽ തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ യഥാർത്ഥ വിലകൾ ശേഖരിച്ചാണ് ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നത്. ഇപ്പോൾ നിലവിലുള്ള ക്ഷാമബത്ത കണക്കാക്കുമ്പോൾ യഥാർത്ഥ വിലനിലവാരമാണ് ഉപയോഗിക്കുന്നത്. ഇതിൽ അപാകതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്ലെയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി

251 (959) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലെയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ.-കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly